**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633** **09-08-2023 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്വാളിയർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്വാളിയർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായം ആരംഭിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യം വ്യക്തമാക്കാമോ; | (എ) | 10.10.2017-ലെ സ.ഉ.(എം.എസ്) 97/2017/ ഐ.ഡി പ്രകാരം മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും, വ്യവസായ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമായി ഉത്തവായിട്ടുള്ളതാണ്. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C)No.33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും, സ.ഉ.(എം.എസ്) നം.97/2017/ വ്യവ ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാനും പുതിയ വ്യവസായം ആരംഭിക്കുന്നതിനും സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രശ്നം പരിഹരിക്കുന്നതിന് ഗ്വാളിയർ റയോൺസ് ഉടമകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ; | (ബി) | കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ നിരവധി തവണ ഈ വിഷയം അഡ്വക്കറ്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും 17/05/2022-ൽ കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി കൂടിക്കാഴ്ച്ച നടത്തുകയും, ആയതു പ്രകാരം കേസ് പരിഗണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്റ്റേറ്റ് അറ്റോർണി ജനറൽ സ്വീകരിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ബഹു.ഹൈക്കോടതി ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 10/10/2022-ൽ ജില്ലാ കളക്ടർ സമർപ്പിക്കുകയുമുണ്ടായി. കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വീണ്ടും കൊണ്ടുവന്ന് തീർപ്പാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഗ്വാളിയർ റയോൺസ് ഹൈക്കോടതിയിൽ നിന്ന് വാങ്ങിയ സ്റ്റേ ഉത്തരവ് പിൻവലിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ നിരവധി തവണ ഈ വിഷയം അഡ്വക്കറ്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും |

| | | | |
|---|---|---|---|
| | | | 17/05/2022-ൽ കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി കൂടിക്കാഴ്ച്ച നടത്തുകയും, ആയതു പ്രകാരം കേസ് പരിഗണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്റ്റേറ്റ് അറ്റോർണി ജനറൽ സ്വീകരിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ബഹു.ഹൈക്കോടതി ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 10/10/2022-ൽ ജില്ലാ കളക്ടർ സമർപ്പിക്കുകയുമുണ്ടായി. കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വീണ്ടും കൊണ്ടുവന്ന് തീർപ്പാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ